ഗ്രാമീൺ കൃഷി മൗസം സേവാ

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

പ്രവചന കാലയളവ് 11.12.2021 മുതൽ 15.12.2021 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 50/2021, (100) വെള്ളിയാഴ്ച്ച | തീയ്യതി: 10/12/2021 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (0.3) | (31.6-33.4) | (22.8-24.7) | (90-96) | (53-71) | (1.0-2.9) | (3.1-9.6) | (2.3-3.1) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 11.12.2021 | 12.12.2021 | 13.12.2021 | 14.12.2021 | 15.12.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 1 | 2 | 2 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 82 | 82 | 82 | 82 | 82 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 61 | 61 | 61 | 61 | 61 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 10 | 8 | 10 | 8 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 50 | 70 | 50 | 50 | 72 |
| മേഘവ്യാപ്തി (ഒക്ട) | 3 | 4 | 6 | 6 | 7 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.
കേരളത്തിൽ ശരാശരിയേക്കാൾ **കുറവ്** മഴ ലഭിക്കാൻ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2021 ഡിസംബർ 11 | 2021 ഡിസംബർ 12 | 2021 ഡിസംബർ 13 | 2021 ഡിസംബർ 14 | 2021 ഡിസംബർ 15 |
|---|---|---|---|---|
| മഴ ഇല്ല | | വളരെ നേരിയ മഴ | | |

### 3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ: കാറ്റിന്റെ വേഗത കൂടി വരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങു കാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|---|
| **നെല്ല്** (മുണ്ടകൻ) കതിർ വരുന്ന പരുവം | തവിട്ട് മുഞ്ഞ |  | നെല്ലിൽ തവിട്ട് മുഞ്ഞയെ നിയന്ത്രിക്കാൻ മൂന്ന് മില്ലി ഇമിടാക്ലോപ്രിഡ് പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ രണ്ട് ഗ്രാം തയോമെത്തോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | കൂമ്പ് ചീയൽ |  | തെങ്ങിന്റെ കൂമ്പ് ചീയൽ നിയന്ത്രിക്കാൻ രോഗം ബാധിച്ച ഭാഗം മുറിച്ചു മാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് തേച്ച് സംരക്ഷിക്കുക. |
| മഞ്ഞൾ | ഇലകരിച്ചിൽ രോഗം |  ~ | മഞ്ഞളിൽ ഇലകരിച്ചിൽ രോഗം ബാധിച്ച ചെടികൾ പിഴുത് നശിപ്പിക്കുക. മുൻ കരുതലായി രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്) അല്ലെങ്കിൽ രണ്ട് ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്. |
| മൃഗസംരക്ഷണം | ചാണക പരിശോധന നടത്തി വിദഗ്ദോപദേശപ്രകാരം വിര മരുന്നുകൾ നൽകുക. കുളമ്പുരോഗത്തിന്റെ പ്രതിരോധ കുത്തിവെപ്പ് എടുക്കുക. ചെള്ള്, ഈച്ച, കൊതുക്, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തുക. (CAADECCS, KVASU, മണ്ണുത്തി) | | |